# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 21**

---

## നാനോ ടെക്നോളജി രാജ്യാന്തര സമ്മേളനം തുടങ്ങി

*പോളിമെറുകളുടെയും നാനോ പദാർത്ഥങ്ങളുടെയും നൂതന സാധ്യതകൾ ചർച്ച ചെയ്യുന്ന ത്രിദിന രാജ്യാന്തര സമ്മേളനം മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിച്ചു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.*

*ബ്രസീലിലെ ഉബെർലാൻഡിയ ഫെഡറൽ യൂണിവേഴ്സിറ്റിയിലെ പ്രഫ.ഡാനിയൽ പാസ്ക്വിനി മുഖ്യാതിഥിയായിരുന്നു. മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസ് ആമുഖ പ്രഭാഷണം നടത്തി.*

*ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോസയൻസ് ആൻറ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോസയൻസ് ആൻറ് നാനോ ടെക്നോളജി എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.*

*മൂന്നു ദിവസത്തെ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള 200 പ്രതിനിധികൾ നേരിട്ടും ഓൺലൈനിലുമായി പങ്കെടുക്കുന്നു ്.*

*(പി.ആർ.ഒ/39/1403/2025)*

## എം.ജി സർവകലാശാലയിൽ സൗജന്യ തൊഴിൽ മേള മാർച്ച് 28ന്

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെൻററിൻറെ*

*ആഭിമുഖ്യത്തിലുള്ള സൗജന്യ തൊഴിൽ മേള മാർച്ച് 28ന് രാവിലെ 10 മുതൽ നടക്കും.*

*വിവിധ സ്വകാര്യ ആപനങ്ങളിലെ 150-ഓളം ഒഴിവുകളിൽ നിയമനത്തിനായി എസ്എസ്എൽസി, പ്ലസ് ടൂ, ഐടിഐ,ഡിപ്ലോമ,ഡിഗ്രി,പിജി, ബിടെക് എന്നിവയിൽ ഏതെങ്കിലുമോ മന് ഉയർന്ന യോഗ്യതകളോ ഉള്ളവർക്ക് പങ്കെടുക്കാം.*

*താല്പര്യമുള്ളവർ മാർച്ച് 27നു വൈകുന്നേരം അഞ്ചിനു മുൻപ് ലാുലസാ.ശി/ാരരസോ എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ* www.facebook.com/MCCKTM *എന്ന ഫേസ്ബുക് പേജിൽ ലഭിക്കും. ഫോൺ-0481-2731025, 9495628626.*

*(പി.ആർ.ഒ/39/1404/2025)*

## <u>വെള്ളത്തിൻറെ ഗുണനിലവാര പരിശോധനാ കോഴ്സിന് മാർച്ച് 25 വരെ അപേക്ഷിക്കാം</u>

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് കോഴ്സിന്(പോളിമേഴ്സ് ഇൻ വേസ്റ്റ് വാട്ടർ മാനേജ്മെൻറ് ആൻറ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ടെക് നിക്സ് ) അപേക്ഷിക്കുന്നതിനുള്ള സമയപരിധി മാർച്ച് 25 വരെ നീട്ടി.*

*സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജി, കോഴിക്കോട്ടെ സെൻറർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്മെൻറ് ആൻറ് മാനേജ്മെൻറ്, കാലടി ശ്രീശങ്കരാ കോളജ് എന്നിവ സംയുക്തമായാണ് ആറു മാസം ദൈർഘ്യമുള്ള കോഴ്സ് നടത്തുന്നത്.*

*പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ* (www.spst.mgu.ac.in) *ഫോൺ-9496544407, 9497829740.*

*(പി.ആർ.ഒ/39/1405/2025)*

## ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻറ് ജി.ഐ.എസ് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻറ് ഡ്രാഫ്റ്റിംഗ് കോഴ്സിൻറെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ പരിശീലനമാണിത്.*

*ഏപ്രിൽ നാലു വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ* (https://ses.mgu.ac.in) *ഫോൺ-8848343200, 8590282951, 9446767451, 6282023170*

*(പി.ആർ.ഒ/39/1406/2025)*

## പരീക്ഷാ തീയതി

*നാലാം സെമസ്റ്റർ ബി.ടെക്ക് മെഴ്സി ചാൻസ് (പുതിയ സ്കീം-2010 മുതലുള്ള അഡ്മിഷനുകൾ) പരീക്ഷകൾ ഏപ്രിൽ 22 മുതൽ നടക്കും.*

..........................

*ഒമ്പതാം സെമസ്റ്റർ ഐഎംസിഎ (2020 അഡ്മിഷൻ റെഗുലർ) പരീക്ഷകൾ ഏപ്രിൽ ര ു മുതൽ നടക്കും.*

*(പി.ആർ.ഒ/39/1407/2025)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിഎ പൊളിറ്റിക്കൽ സയൻസ് മോഡൽ 1,2 (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ അദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷ ഏപ്രിൽ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1408/2025)*

## **പരീക്ഷയ്ക്ക് അപേക്ഷിക്കാം**

*ഒന്നും ര ും സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ അദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ 21 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഏപ്രിൽ 22 വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 23 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1409/2025)*

## **പ്രാക്ടിക്കൽ**

*ആറാം സെമസ്റ്റർ ബിഎസ്സി സൈക്കോളജി (പുതിയ സ്കീം–2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 15 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1410/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**